No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## KEAM-2019

### സംവരണാനുകൂല്യമില്ലാത്ത വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള (EWS) അധിക (എം.ബി.ബി.എസ്) സീറ്റുകളിലേക്കുള്ള ഓൺലൈനായി സമർപ്പിച്ച രേഖ പരിശോധിക്കുന്നതിനുള്ള അവസരം

2019 വർഷത്തെ പ്രൊഫഷണൽ ബിരുദ കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് സംവരണാനുകൂല്യം ലഭ്യമാകാത്ത വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി (**EWS**) സർക്കാർ മേഖലയിലെ എം.ബി.ബി.എസ് കോഴ്സുകൾക്ക് അധികമായി അനുവദിക്കപ്പെട്ട സീറ്റുകൾക്ക് അർഹരായ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായ രേഖ നിശ്ചിത ഫോർമാറ്റിൽ തഹസിൽദാരുടെ റാങ്കിൽ കുറയാത്ത റവന്യൂ അധികാരിയിൽ നിന്നും വാങ്ങി ഓൺലൈനായി സമർപ്പിക്കുന്നതിന് **15.07.2019** വരെ സമയം അനുവദിച്ചിരുന്നു. നിശ്ചിത തീയതിക്കകം ലഭിച്ച സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചില സർട്ടിഫിക്കറ്റുകൾക്ക് ന്യൂനതകളുള്ളതായി കാണാൻ കഴിഞ്ഞു. വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ അവരവരുടെ ഹോം പേജിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി പ്രവേശിച്ച് **'Memo Details'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ന്യൂനതകൾ പരിശോധിക്കേണ്ടതാണ്. ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിച്ച് ഓൺലൈനായി സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്നതിന് 25.07.2019 വൈകുന്നേരം 3.00 മണി വരെ സമയം അനുവദിച്ചിട്ടുണ്ട്.

**ഹെൽപ് ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103 & 2339104 (10 am- 5pm)**

Sd/-

തിരുവനന്തപുരം — പ്രവേശന പരീക്ഷാ കമ്മീഷണർ

19.07.2019